പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 882 — 30.06.2011 ൽ മറുപടിക്ക്

# കൊല്ലം പാക്കേജ്

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| --- | --- |
| (എ) 2011 ഫെബ്രുവരിയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രഖ്യാപന പ്രകാരമുള്ള 120 കോടി രൂപയുടെ കൊല്ലം പാക്കേജ് പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ;<br><br>(ബി) ആശ്രാമം ലിങ്ക് റോഡ് മുതൽ തോപ്പിൽ കടവു വരെയുള്ള ഫ്ളൈ ഓവർ പാലം അടക്കമുള്ള പ്രസ്തുത പുതിയ റോഡിന്റെ ഡിസൈൻ, പ്ലാനിംഗ്, ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ. തയ്യാറാക്കൽ എന്നീ നടപടികൾ ഉടനെ ആരംഭിക്കുമോ . | (എ) & (ബി)<br>2011-12 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം മാത്രമേ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (സി) കൊല്ലം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (സി) ആശ്രാമം ലിങ്ക് റോഡിന്റെ പണി അവസാന ഘട്ടത്തിലാണ്. ആർ.ഒ.ബി.യുടെ പ്രവൃത്തിയും, മേവറം തുടങ്ങി കാവനാട് അവസാനിക്കുന്ന കൊല്ലം ബൈപ്പാസ് (2 വരി) പദ്ധതിയുടെ 206 കോടി രൂപയുടെ എസ്റ്റിമേറ്റിന് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന്റെ ഭരണാനുമതി ലഭിച്ച് ആയതുകൂടി പൂർത്തീകരിച്ചാൽ കൊല്ലം നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്നതാണ്. |
| (ഡി) കൊല്ലം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം എത്ര മാസത്തിനകം പൂർത്തിയാകും? | (ഡി) ഒരു വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കത്തക്ക നിലയിൽ പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ